# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4955 | 23.03.2018-ന് മറുപടിയ്ക്ക്

## മറ്റു പിന്നോക്ക വിഭാഗക്കാരുടെ സമഗ്ര വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. കെ. വി. വിജയദാസ് :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. ജോർജ് എം. തോമസ് : | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മറ്റു പിന്നോക്ക വിഭാഗക്കാരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് ; | (എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന കേരളത്തിലെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെയും (ഒ.ബി.സി), മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക ഉന്നമനത്തിന് വേണ്ടി വിവിധ വായ്പാ പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും സ്വയംതൊഴിൽ, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യ ങ്ങൾക്കുള്ള വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നുണ്ട്. വായ്പാ പദ്ധതികൾക്ക് പുറമേ തൊഴിലധിഷ്ഠിത പരിശീലനം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, പ്രദർശന വിപണന മേളകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. അതോടൊപ്പം ലക്ഷ്യവിഭാഗങ്ങളുടെ സാമ്പത്തികവും, സാമൂഹികവും, വിദ്യാഭ്യാസപരവുമായി ഉന്നമനം ലക്ഷ്യമാക്കി വിവിധ വായ്പാ പദ്ധതികളും, സ്കോളർഷിപ്പ് പദ്ധതികളും പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.<br>പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു. |

| | |
|---|---|
| (ബി) ഈ ലക്ഷ്യം നിറവേറ്റുന്നതിനായി രൂപീകരിച്ചിട്ടുള്ള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ; | (സി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഉല്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ? | (ഡി) 23.02.2017 -ൽ ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ക്രാഫ്റ്റ് വില്ലേജ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര പഞ്ചായത്തിൽ ടി ആവശ്യത്തിനായി 5.10 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം പദ്ധതി നടപ്പിലാക്കുന്നതിന് വിട്ടു നൽകുന്നതിന് കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.<br>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് സംരംഭം തുടങ്ങിയ ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾക്ക് ഒരു സ്ഥിരം വിപണന സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടി ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തി കൊണ്ട് ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഉൽപ്പന്നങ്ങളുടെ തൽസമയ നിർമ്മിതി, വിപണനം, എന്നീ സൗകര്യത്തിനുപുറമേ ഒ.ബി.സി. വിഭാഗങ്ങളുടെ തനതു കലകളുടെ പ്രദർശനം ഉൾപ്പെടെ സന്ദർശകരെ ആകർഷിക്കുന്ന രീതിയിലുള്ള വിനോദത്തിനും, വിജ്ഞാനത്തിനും, വിശ്രമത്തിനുമുള്ള ഉപാധികൾ കൂടി ഇവിടെ ഏർപ്പെടുത്തുന്നതാണ്. |

(.....3)

പദ്ധതി സംബന്ധിച്ച സാധ്യതാ പഠനം നടത്തുന്നതിന് വേണ്ടി സർക്കാർ ഏജൻസിയായ കിറ്റ്കോ -യെ ചുമതല പ്പെടുത്തുകയും ഇതിന്റെ അടിസ്ഥാന ത്തിൽ കിറ്റ്കോ സാധ്യതാ പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പി ക്കുകയും ചെയ്തിട്ടുണ്ട്. കിറ്റ്കോ -യുടെ സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം പദ്ധതി വിജയകരമായി നടപ്പിലാക്കുന്ന തിന് ആകെ 3502.17 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു,

സെക്ഷൻ ഓഫീസർ

അനുബന്ധം 1

# പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികൾ

## വിദ്യാഭ്യാസ പരിപാടികൾ

### 1. പ്രീമെട്രിക് സഹായം (ഒ.ഇ.സി)

മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന 12 ജാതികളിൽപ്പെട്ട വിദ്യാർത്ഥികളെ മറ്റർഹ സമുദായ വിദ്യാർത്ഥികളായി കണക്കാക്കുകയും അവർക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസ സഹായം കൊടുക്കുകയും ചെയ്യുന്നു. സ.ഉ.(കൈ) നമ്പർ. 10/2014/പി.സ.വി.വ തീയതി: 23.05.2014 പ്രകാരം 30 പുതിയ സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാനപരിധിയ്ക്ക് വിധേയമായി ഒ.ഇ.സി ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പു വഴി നടപ്പിലാക്കിയിരുന്ന ഈ പദ്ധതി 2015-16 മുതൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നു.

### 2. പോസ്റ്റ്മെട്രിക് സഹായം (ഒ.ഇ.സി)

മറ്റർഹ സമുദായ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സഹായം കൊടുക്കുന്നതിനായുള്ള സംസ്ഥാന പദ്ധതിയാണിത്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം (കെ.പി.സി.ആർ) സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത് ഇതേ സ്കീമിലൂടെയാണ്. പദ്ധതി ഇപ്പോഴും പട്ടികജാതി വികസന വകുപ്പ് വഴി നടപ്പാക്കുന്നു.

### 3. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം)

വാർഷിക വരുമാനം 44500-ൽ കവിയാത്ത മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്കോളർഷിപ്പാണിത്. പ്രീമെട്രിക് ഘട്ടത്തിലോ/ ഒന്നാം ക്ലാസിലോ പഠിക്കുന്ന കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. 10-ാം ക്ലാസിൽ എത്തുന്നതോടെ ഈ സ്കോളർഷിപ്പ് തീരുന്നു.

### 4. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

വാർഷിക വരുമാനം ഒരു ലക്ഷത്തിൽ അധികരിക്കാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 100% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി. സംസ്ഥാനത്തിനുള്ളിൽ ഹയർസെക്കന്ററി കോഴ്സുകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ള പദ്ധതി 2015-16 മുതൽ സംസ്ഥാനത്തിന് പുറത്ത് ദേശീയ പ്രാധാന്യമുള്ള IIT, IIM കേന്ദ്ര സർവ്വകലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അർഹരായവർക്കു കൂടി ബാധകമാക്കി.

## 5. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ (50% സംസ്ഥാന വിഹിതം)

ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തത കാരണം പഠനം തുടരുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന പിന്നാക്ക സമുദായ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. സർവ്വകലാശാലകൾക്കും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുൻഗണന നൽകുന്നു. ഹോസ്റ്റലിന്റെ നടത്തിപ്പും നിയന്ത്രണവും അതാത് സ്ഥാപനങ്ങൾക്കാണ്.

## സാമൂഹ്യ ക്ഷേമ / സാമ്പത്തിക വികസന പരിപാടികൾ

### 1. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം

പിന്നാക്ക സമുദായത്തിലെ ചില വിഭാഗങ്ങൾ പരമ്പരാഗത മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയവരാണ് പരമ്പരാഗത രീതി അവലംബിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട സമാനതരത്തിലുള്ള ഉൽപ്പന്നങ്ങളുമായി മത്സരിക്കാനാവില്ല. ഈ പരിസ്ഥിതികളിൽ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് പുതിയ രീതിയിലുള്ള നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകുകയും ഈ മേഖലയെ നവീകരിക്കുന്നതിനും യന്ത്രവത്ക്കരിക്കുന്നതിനും ആവശ്യമുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്താലേ ഈ മേഖലയിൽ നവീകരണം സാധ്യമാകുകയുള്ളൂ. ഈ ലക്ഷ്യം മുൻനിർത്തി ഒരു കുടുംബത്തിന് 25000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

### 2. അഡ്വക്കേറ്റ് ഗ്രാന്റ്

ജുഡീഷ്യറിയിൽ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി അഭിഭാഷകരായി പ്രാക്ടീസ് തുടരുന്നതിന് കുടുംബ വാർഷിക വരുമാനം 1,00,000/- രൂപായിൽ അധികരിക്കാത്തവർക്ക് പ്രതിവർഷം 12000/- രൂപാ വീതം മൂന്ന് വർഷത്തേയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നു.

### 3. മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പുകൾ

മെഡിസിൻ, അഗ്രിക്കൾച്ചർ സയൻസ്, പ്യൂവർ സയൻസ് മാനേജ്മെന്റ്, എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിൽ മാസ്റ്റർ ബിരുദ കോഴ്സുകൾ ചെയ്യുന്ന തെരഞ്ഞെടുത്ത 20 പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് പരമാവധി 10 ലക്ഷം രൂപാ വരെ സാമ്പത്തിക സഹായം ഈ പദ്ധതി വഴി അനുവദിക്കുന്നു.

വിമാനചാർജുകൾ, കോഴ്സ് ഫീസ്, മെയിന്റനൻസ് അലവൻസുകൾ, സാമഗ്രികൾ വാങ്ങിക്കുവാനുള്ള അലവൻസുകൾ, പോൾ നികുതി, വിസ ഫീസ്, മെഡിക്കൽ ഇൻഷുറൻസ് തുടങ്ങിയ ചെലവുകൾ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ലഭ്യമാണ്.

## 4. തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി / പരിശീലനം

**(എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം)**

### A) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്/ബാങ്കിംഗ്/സിവിൽ സർവ്വീസ്

പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനം നൽകി അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കുന്നതിനായി അവർക്ക് പ്രോത്സാഹനവും പരിശീലനവും നൽകി അവരുടെ കഴിവുകൾ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കും ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്കും, കേന്ദ്ര സംസ്ഥാന സർവ്വീസുകളിലും പൊതു മേഖലാസ്ഥാപനങ്ങളിലും ജോലിക്കുമുള്ള മത്സര പരീക്ഷകൾക്കും പരിശീലനത്തിനായുള്ള സാമ്പത്തിക സഹായം നൽകുന്നു. 5000 രൂപ മുതൽ 50000 രൂപാ വരെ പരിശീലന ചെലവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു.

### B) UGC/NET/JRF, GATE/MAT പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ബിരുദാനന്തര ബിരുദ പരീക്ഷ പാസ്സായവർക്ക് UGC/NET/JRF പരീക്ഷകളിൽ പരിശീലനം നേടുന്നതിനും ധനസഹായം. എഞ്ചിനീയറിംഗ്/ മാനേജ്മെന്റ് കോഴ്സുകളിലെ ഉപരി പഠനത്തിനുള്ള GATE/MAT പരീക്ഷകളിൽ പരിശീലനം നേടുന്നതിനും പരമാവധി 25000/- രൂപ വരെ പരിശീൽന ചെലവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു.

### C) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗികൾക്കുള്ള സ്വയംതൊഴിൽ ധനസഹായ പദ്ധതി

പിന്നാക്ക സമുദായത്തിൽപ്പെട്ട വയനാട് ജില്ലയിലെ അരിവാൾ രോഗം അഥവാ അരിവാൾ കോശ വിളർച്ച (sickle cell disease – SCD) ബാധിതരായ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് / രോഗികളുടെ രക്ഷിതാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പുതിയ ധനസഹായ പദ്ധതിയാണിത്. പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിയ്ക്കുന്നു.

### D) ഒ.ബി.സി. വിഭാഗത്തിൽ പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങുന്നതിന് ധനസഹായം

സംസ്ഥാനത്തിലെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ബിരുദ തലത്തിലുള്ള വിവിധ പ്രൊഫഷണൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ യുവജനങ്ങൾക്ക് മികച്ച സ്വകാര്യ സംരംഭങ്ങൾ സ്റ്റാർട്ട് അപ് മാതൃകയിൽ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ

പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ആയി അനുവദിയ്ക്കുകയും, 20% തുക അല്ലെങ്കിൽ പരമാവധി 2,00,000/- രൂപ സബ്സിഡിയായി നൽകുകയും ചെയ്യുന്നു.

## 5. പൊതുമേഖല സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിലുകൾ

ആഗോളവത്കരണത്തിന്റെ ഫലമായി ഓട്ടോ മൊബൈൽ നിർമ്മാണ പരിതസ്ഥിതികളിൽ വളരെയേറെ മാറ്റം സംഭവിക്കുയും അന്തർദേശീയതലത്തിലും ദേശീയതലത്തിലുമുള്ള കാർ നിർമ്മാണ രംഗത്ത് മത്സരങ്ങൾ വർദ്ധിക്കുകയും ചെയ്തു. ആഗോളവത്കരണം ഉയർന്ന ചെലവിന്റെ സമ്മർദ്ദങ്ങൾ നിർമ്മാതാക്കളിൽ ഏല്പിക്കുന്നു. എന്നതാണ് ആട്ടോമോട്ടീവ് മേഖലയിലുള്ള പ്രധാനപ്പെട്ട പ്രവണത. അതുകൊണ്ട് അവർ ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ കണ്ടുപിടിക്കാൻ ശ്രമിക്കുകയും ഗുണമേന്മയും ലാഭകരമായ രീതികൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു. ഈ വളർച്ച ഓട്ടോ മൊബൈൽ രംഗത്ത് തൊഴിൽ തേടുന്നവർക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നു. ഐ.ടി.ഐ/ഐ.ടി.സി ഡിപ്ലോമ പാസ്സായ മറ്റു പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രൊഫഷണൽ പരിശീലനം നൽകുകയും മാസം 5000 രൂപ വീതം സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് കമ്പനി അനുയോജ്യമായ തൊഴിലുകൾ ഉറപ്പു നൽകുന്നുവെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

## 6. പരമ്പരാഗത ബാർബർഷോപ്പുകളുടെ നവീകരണം

പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് ഗ്രാമീണമേഖലയിലെ ഷോപ്പുകൾ നവീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി 2015-16-ൽ തുടക്കമിട്ടു. ഒരു കുടുംബത്തിന് 25000 രൂപ വരെ സഹായധനം ലഭ്യമാകും.

## 7. വിശ്വകർമ്മ പെൻഷൻ

യാതൊരുവിധ പെൻഷനും ലഭിക്കാത്ത 60 വയസ്സു കഴിഞ്ഞ ബിപിഎൽ വിഭാഗത്തിൽപ്പെട്ട വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്ക് പ്രതിമാസം 1100 രൂപാ നിരക്കിൽ പെൻഷൻ അനുവദിച്ചു. 2013-14 മുതൽ കുടിശ്ശികയടക്കമുള്ള പെൻഷൻ വിതരണം ചെയ്തു തുടങ്ങി.

## 8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും ടൂൾകിറ്റ് നൽകുന്നതിനുമായി 2016-17-ൽ ആവിഷ്ക്കരിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ്.

*********

സെക്ഷൻ ഓഫീസർ

അനുബന്ധം 2

മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി **(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) **(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 1 ലക്ഷം രൂപ | 5% |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി **(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) **(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS-കൾക്ക് പരമാവധി 1 കോടി രൂപ<br>NGO-യ്ക്ക് പരിധി ഇല്ല. | NGO/CDS-3.50%,<br>SHGക്ക്-5% |
| 5. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) **(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS-കൾക്ക് പരമാവധി 1 കോടി രൂപ | CDS-2.50%, SHGക്ക്-4% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ<br>പ്രത്യേക ആനുകൂല്യം<br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |

മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ളീം, ക്രൈസ്തവൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1 **(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2 **(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) **(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS/NGO-50 ലക്ഷം രൂപ | NGO/CDS-3.50%,<br>SHG-5% |

<table>
<tr><td>4. വിദ്യാഭ്യാസ വായ്പാ പദ്ധതി-1<br>**ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്**</td><td>ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)</td><td>3%</td></tr>
<tr><td>5. വിദ്യാഭ്യാസ വായ്പാ പദ്ധതി-2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)**</td><td>ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠി ക്കുന്നതിന് 30 ലക്ഷം രൂപ (പ്രതി വർഷം 6 ലക്ഷം രൂപ)</td><td>ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5%</td></tr>
<tr><td rowspan="2">6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)</td><td>20 ലക്ഷം രൂപ</td><td>NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി.</td></tr>
</table>

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി.-മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്).**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 6% |
| 2. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 8% |
| 3. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്)<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 9% |
| 4. പ്രവർത്തന മൂലധന വായ്പ<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 8% |
| 5. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 9% |
| 6. വിദ്യാശ്രീ വായ്പ<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 6% |
| 7. കൺസ്യൂമർ ഡ്യൂറബിൾ വായ്പ<br>**(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 10% |
| 8. വാഹന വായ്പ<br>**(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 6 ലക്ഷം രൂപ | 9% |
| 9. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ)<br>**(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 10% |

| | | |
|---|---|---|
| 10. വ്യക്തിഗത വായ്പ<br>(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 11% |
| 11. എന്റെ വീട് (ഭവന നിർമ്മാണ വായ്പ പദ്ധതി) - 1<br>(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50 % |
| 12. എന്റെ വീട് (ഭവന നിർമ്മാണ വായ്പ പദ്ധതി) - 2<br>(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8.00 % |

സെക്ഷൻ ഓഫീസർ